# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 26/09/ 2018


## ബഹു. കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ രാജ്നാഥ് സിംഗിന്റെ സന്ദർശനത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയിട്ടുള്ള ഗതാഗത ക്രമീകരണങ്ങൾ

ബഹു. കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ രാജ്നാഥ് സിംഗിന്റെ സന്ദർശനത്തോടനുബന്ധിച്ച് 27.09.2018 ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ കൊല്ലം നഗരത്തിൽ ഗതാഗതനിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതായി കൊല്ലം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

തിരുവന്തപുരത്ത് നിന്നും ആലപ്പുഴ ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ആർ ഒ ബി, കൊച്ചുപ്ലാമ്മൂട്, പോർട്ട് റോഡ്, തെക്കേ കച്ചേരി വെള്ളയിട്ടമ്പലം വഴി പോകേണ്ടതാണ്.

ആലപ്പുഴ നിന്നും തിരുവനന്തപുരം ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ വെള്ളയിട്ടമ്പലം, തെക്കേകച്ചേരി, പോർട്ട് റേഡ്, കൊച്ചുപ്ലാമ്മൂട്, ആർ ഒ ബി വഴിയും പോകേണ്ടതാണ്.

അഞ്ചാലുമ്മൂട് നിന്നും കൊല്ലത്തേക്ക് വരുന്ന വാഹനങ്ങൾ താന്നിക്കമുക്ക്, കല്ലുംതാഴം വഴിയും കൊല്ലത്ത് നിന്നും അഞ്ചാലുമ്മൂട്ടിലേക്ക് പോകേണ്ട വാഹനങ്ങൾ കല്ലുംതാഴം താന്നിക്കമുക്ക് വഴി പോകേണ്ടാതാണ്.

അഞ്ചാലുമ്മൂട്, ഹൈസ്കൂൾ ജംഗ്ഷൻ, താലൂക്ക് ജംഗ്ഷൻ, കെഎസ്ആർടിസി, ലിങ്ക് റോഡ് വഴിയുള്ള ഗതാഗതം പൂർണ്ണമായും നിയന്ത്രണവിധേയമായിരിക്കും.

കൊട്ടാരക്കര ഭാഗത്തുനിന്നും നിന്നും ആലപ്പുഴ ഭാഗത്തേക്ക് പോകേണ്ട ലോറികൾ, ട്രക്കുകൾ, മറ്റ് ചരക്കുവാഹനങ്ങൾ എന്നിവ കുണ്ടറ ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് ഭരണിക്കാവ്, ശാസ്താംകോട്ട, കാരാളിമുക്ക്, പടപ്പനാൽ, ടൈറ്റാനിയം ജംഗ്ഷൻ, കരുനാഗപ്പള്ളി വഴി പോകേണ്ടതാണ്.

ആലപ്പുഴ ഭാഗത്ത് നിന്നും തിരുവനന്തപുരം ഭാഗത്തേക്ക് പോകേണ്ട ലോറികൾ, ട്രക്കുകൾ, മറ്റ് ചരക്കുവാഹനങ്ങൾ എന്നിവ ടൈറ്റാനിയം ജംഗ്ഷൻ, പടപ്പനാൽ, കാരാളിമുക്ക്, ശാസ്താംകോട്ട, ഭരണിക്കാവ്, കുണ്ടറ, കൊട്ടിയം വഴിയും പോകേണ്ടതാണ്.